**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 726** **23-02-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഐജി ഓഫീസ് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ ഐജി ഓഫീസിൽ ഇ-ഓഫീസ് സമ്പ്രദായം ആണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ ഐജി ഓഫീസിൽ ഇ-ഓഫീസ് സമ്പ്രദായം ആണ് നിലവിലുള്ളത്. |
| (ബി) | ഐ ജി ഓഫീസിൽ ഫയലുകളിൽ തീർപ്പ കല്പിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | രജിസ്ട്രേഷൻ ഐജി ഓഫീസിൽ ഫയലുകളിൽ തീർപ്പ കല്പിക്കുന്നതിന് കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2021 ഡിസംബർ 31 വരെ ഐ ജി ഓഫീസിൽ എത്തിയ എത്ര ഫയലുകൾ ഇ-ഫയൽ സമ്പ്രദായത്തിൽ തീർപ്പ കൽപ്പിക്കാതെയുണ്ടെന്ന വിവരം ലഭ്യമാക്കുമോ; | (സി) | 2021 ഡിസംബർ 31 വരെ ഐ.ജി ഓഫീസിൽ എത്തിയ ഫയലുകളിൽ തീർപ്പാക്കാതെയുള്ള ഫയലുകളുടെ വിഭാഗം തിരിച്ചുള്ള വിവരം. വിഭാഗം എണ്ണം എസ്റ്റാബ്ലിഷ്മെന്റ് 1283 ഫിനാൻസ് 843 ജി.ആർ.സി 1532 ആർ.ആർ 985 എഫ്.യു.വി 158 ഐ.എ.ഡബ്ല്യു 171 ലൈസൻസ് 679 എ.ആർ.എ 306 ചിട്ടി 342 ഐ.റ്റി 228 ഫേസ് 3 ആർ.ഒ.എം 22 ആകെ 6552 |
| (ഡി) | ഫൈവ് ഡേ റൂൾ പ്രകാരം ഫയലിൽ തീർപ്പ് കൽപ്പിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഇ-ഓഫീസിൽ ലഭ്യമാകുന്ന തപാലുകൾ ഫൈവ് ഡേ റൂൾ പാലിച്ച് കൈകാര്യം ചെയ്യുന്നതിന് പരമാവധി ശ്രദ്ധ ചെലുത്തി വരുന്നു. എന്നാൽ, ഫയലുകളുടെയും തപാലുകളുടെയും ബാഹുല്യം നിമിത്തം അല്ലാതെ ഫൈവ് ഡേ റൂൾ പാലിക്കാൻ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്. |
| (ഇ) | കുടിശ്ശികയുള്ള ഫയലുകൾ തീർപ്പ കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | ഫയൽ തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 2019 മുതൽ എല്ലാ മാസവും പ്രതിമാസ/ദ്വൈവാര ഫയൽ തീർപ്പാക്കൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കി വരുന്നു. ഫയൽ തീർപ്പാക്കലുമായി ബന്ധപ്പെട്ടുള്ള അവലോകന നടപടികൾ തുടർന്ന് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ